# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-24- 1477/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/09/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-പി.കെ.ഡി-24- 1477/23 തീയ്യതി: 26/09/2023

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2022 മുതൽ 25-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരവിന്ദാക്ഷൻ പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2023 | 05-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-06-2023 | 05-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
2. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. കന്തസ്വാമി ഐ, ഓഡിറ്റർ
4. മോഹനൻ കെ എ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. സി കെ ഉമ്മുസൽമ | പ്രസിഡന്റ് | 01-04-2022 | 15-06-2022 |
| എം മുഹമ്മദ് ചെറൂട്ടി | പ്രസിഡന്റ് | 16-06-2022 | 03-07-2022 |
| കെ പി ബുഷറ | പ്രസിഡന്റ് | 04-07-2022 | 31-03-2023 |
| വരുൺ ജി | സെക്രട്ടറി | 01-04-2022 | 19-05-2022 |
| ഷക്കീല എസ് | സെക്രട്ടറി | 20-05-2022 | 04-07-2023 |
| ഗിരീഷ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2022 | 06-07-2022 |
| അജിത്കുമാരി ഡി | സെക്രട്ടറി | 07-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് വി പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ആതിര ആർ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 07-05-2022 |
| റഷീദ് ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-05-2022 | 06-06-2022 |
| സ്മിത കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-06-2022 | 24-07-2022 |
| റഷീദ് ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-07-2022 | 31-03-2023 |
| ഷാജൻ ടി കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-01-2023 |
| അർച്ചനാ മുരളി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-02-2023 | 31-03-2023 |
| ഡോ. റാബിയ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. എസ് അനിൽകുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 07-08-2022 |
| ഡോ. ജയകുമാർ | സീനിയർ വെറ്ററിനറി സർജൻ | 08-08-2022 | 31-03-2023 |
| അദ്വൈദ് കെ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 22-07-2022 |
| അഭിജിത്ത് കെ ദീപക് | ഡയറി എക്സ്റ്റൻഷൻ | 23-07-2022 | 02-11-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശാന്താമണി ഇ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-11-2022 | 31-03-2023 |
| പ്രദീപ് കുമാർ എസ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| രാജേഷ് കുമാർ ടി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ബിന്ദു എം ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 15-05-2022 |
| ഷീല ടി | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 16-05-2022 | 03-06-2022 |
| ബിന്ദു എം ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 04-06-2022 | 11-07-2022 |
| നിർമ്മല എം | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 12-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | നിഷ്ക്രിയ അക്കൗണ്ട്കൾ ക്ലോസ് ചെയ്യുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല | 1-1-3 |
| 5 | വാടക രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ബജറ്റിന്റെ സകർമയിലെ കരട് മിനിട്സ് യോഗാധ്യക്ഷ അംഗീകരിച്ചിട്ടില്ല | 1-2-1 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 15 | വാടക കുടിശ്ശിക നിലനിൽക്കുന്നു. | 1-9 |
| 16 | പ്ലാൻ മോണിറ്ററിംഗ് - തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമീകരിച്ചിട്ടില്ല | 1-10 |
| 17 | താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 18 | 20 KW ഓൺ ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റ് - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 19 | തെങ്കര ആയുർവേദ ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ (സ്പിൽ ഓവർ) - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-13 |
| 20 | അങ്കണവാടികളുടെ നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1-14 |
| 21 | പെയിൻ & പാലിയേറ്റീവ് - സംയുക്ത പദ്ധതിക്ക് തുക കൈമാറിയത് - വിനിയോഗ വിവരം ലഭ്യമല്ല | 1-15 |
| 22 | പ്രവർത്തനം ആരംഭിക്കാത്ത തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ, ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയവ വാങ്ങിയിരിക്കുന്നു | 1-16 |

| | | |
|---|---|---|
| 23 | ആസ്തി സംരക്ഷണ പദ്ധതി, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല | 1-17 |
| 24 | പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്. | 1-18 |
| 25 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല | 1-19 |
| 26 | മേഖലാ തല ചുമതലകളിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നു. | 1-20 |
| 27 | കുടിവെള്ള പദ്ധതികളിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-21 |
| 28 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. | 1-22 |
| 29 | ഇ-ടെൻഡർ നടത്തുമ്പോൾ ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.06.2023 കമ്മിറ്റി തീരുമാനം നം.1/1 പ്രകാരം തയ്യാറാക്കി 21.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

തീയതി:- 26/09/2023

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-2 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

പി.എം.എ.വൈ ഭവന പദ്ധതി ചെലവിന്റെ ആവശ്യത്തിനായി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് {AFS Schedule RP-40(b)} 23433967 രൂപയാണ് (Union Bank-Mannarkkad Branch- A/C No.76270201006697). എന്നാൽ AFS Schedule B4 പ്രകാരം ചെലവഴിക്കാൻ ബാധ്യതയായി 23317039 രൂപയാണുള്ളത്. വ്യത്യാസം 116928 രൂപ.

1-1-3 നിഷ്ക്രിയ അക്കൗണ്ട്കൾ ക്ലോസ് ചെയ്യുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല

31.03.2023 ന് ബാങ്ക് റിക്കൺസിലിയേഷന്റെ പരിശോധന നടത്തിയതിൽ ബാങ്ക് അക്കൗണ്ട് നം. 4803000100009588 (PNB, Mannarkkad Branch) ഉള്ള തുക 811458 വർഷങ്ങളായി നിഷ്ക്രിയ അവസ്ഥയിലാണ്. SDFMLA/MPLAD ആവശ്യത്തിലേക്ക് തുടങ്ങിയ അക്കൗണ്ടാണ്. തുക ചെലവഴിക്കാത്തപക്ഷം ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-1-4 വാടക രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ വാടകയിനത്തിൽ ഡിമാന്റ് 896654 രൂപയും, വരവ് 560368 രൂപയും ആണ്. കൂടാതെ കുടിശ്ശിക ഇനത്തിൽ 113195 രൂപ വരവും ഉണ്ട്. വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ, ബാലൻസ് യഥാക്രമം ₹896654, ₹609222, ₹287432 ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക Balance Sheet B-18 പ്രകാരം അഡ്വാൻസ് തുക നൽകിയത് 3622407 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 3423178 രൂപയാണ്. വ്യത്യാസം 199229 രൂപ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 05/03.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

19.03.2022 ലെ ഭരണ സമിതി തീരുമാനം നമ്പർ 1 പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റിന്റെ കരട് മിനിട്സ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും യോഗാധ്യക്ഷ ഒപ്പിട്ട് അംഗീകരിച്ചിട്ടില്ല. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹18486259 |
| വരവ് | ₹606479000 |
| ആകെ | ₹624965259 |
| ചെലവ് | ₹617365259 |
| നീക്കിയിരിപ്പ് | ₹7600000 |

1-2-1 ബജറ്റിന്റെ സകർമയിലെ കരട് മിനിട്സ് യോഗാധ്യക്ഷ അംഗീകരിച്ചിട്ടില്ല

19.03.2022 ലെ ഭരണ സമിതി തീരുമാനം നമ്പർ 1 പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റിന്റെ കരട് മിനിട്സ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും യോഗാധ്യക്ഷ ഒപ്പിട്ട് അംഗീകരിച്ചിട്ടില്ല. ആയതിനാൽ 2022-23 ലെ ബജറ്റ് നിലവിലെ ഭരണ സമിതിക്ക് അംഗീകരിച്ച് നടപ്പാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 10.01.2023 ലെ ഭരണ സമിതി തീരുമാനം നമ്പർ 5/1 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം സർക്കാരിലേക്ക് 12.01.2023 ൽ കത്ത് (നം. ഡി/10/2023) അയച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും നാളിതുവരെ സാധൂകരണം ലഭിച്ചതായി കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 214(8) പ്രകാരം പഞ്ചായത്ത് , ബഡ്ജറ്റ് വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തിവെയ്ക്കുകയോ ഏപ്രിൽ ഒന്നാം തീയ്യതിയ്ക്ക്

മുമ്പ് ആ വർഷത്തേക്കുള്ള ബഡ്ജറ്റ് പാസാക്കാത്തപക്ഷം അന്നുമുതൽ എന്തെങ്കിലും ചെലവ് വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സെക്ഷൻ 214(6) പ്രകാരം ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിൽ ഉള്ള ബഡ്ജറ്റിൽ ഉൾപ്പെടാത്ത യാതൊരു ചെലവുകളും നിർവ്വഹിക്കാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി ബഡ്ജറ്റ് അംഗീകരിച്ച് പാസാക്കാതെ ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/27.06.2023) 2022-23 ലെ ബജറ്റ് യോഗം അംഗീകരിച്ചതാണെന്നും ആരും തന്നെ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്നും സകർമയിൽ അന്നത്തെ യോഗാധ്യക്ഷ അപ്രൂവ് ചെയ്തിട്ടില്ല എന്ന സാങ്കേതിക തടസ്സം മാത്രമാണ് നിലവിലുള്ളതെന്നും വിഷയം സർക്കാരിലേക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന (നം. 5(1)/10.01.2023) പ്രകാരം 2022-23 ലെ ബജറ്റ് നിലവിലെ ഭരണ സമിതിക്ക് അംഗീകരിച്ച് നടപ്പാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹40697788.87 |
| വരവ് | ₹120184771 |
| ആകെ | ₹160882559.87 |
| ചെലവ് | ₹114934187 |
| നീക്കിയിരിപ്പ് | ₹45948372.87 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി (₹) | തൻവർഷ വരവ്(₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക(₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | | 0 | 45502169 | 45502169 | 35769388 | 9732781 |
| വികസനഫണ്ട് - എസ്.സി.പി | | 0 | 24520631 | 24520631 | 21155978 | 3364653 |
| വികസനഫണ്ട് - ടി.എസ്.പി | | 0 | 4655200 | 4655200 | 2684914 | 1970286 |
| മെയ്ന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | | 0 | 12622000 | 12622000 | 8423853 | 4198147 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് (Untied) | ബാങ്ക് | 2655465 | 8041000 | 10696465 | 5757651 | 4938814 |
| | ട്രഷറി | 0 | 2235753 | 2235753 | 517484 | 1718269 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- (Tied) | ബാങ്ക് | 10127162 | 12062000 | 22189162 | 8926368 | 13262794 |
| | ട്രഷറി | 0 | 2123290 | 2123290 | 1001773 | 1121517 |

കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| TSC | 952053 | 34476 | 986529 | 79500 | 907029 |
| IAY/PMAY കേന്ദ്രവിഹിതം | 22621994 | 9720615 | 32342609 | 9025570 | 23317039 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 215407258 | 161 | 89729894 | 0 | 51 | 75.94% |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 6 | 3 | 14525000 | 3396965 | 23.39 |
| സെക്രട്ടറി | 23 | 20 | 92654150 | 30002358 | 32.38 |
| മെഡിക്കൽ ഓഫീസർ-CHC | 6 | 6 | 2636957 | 2492549 | 94.52 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 509516 | 509516 | 100 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 1540000 | 1431896 | 92.98 |
| സീനിയർ വെറ്ററിനറി സർജ്ജൻ/ക്ഷീര വികസന ഓഫീസര് | 11 | 11 | 5874717 | 3606307 | 61.37 |
| ഇൻഡസ്ട്രിയർ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 6010000 | 0 | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10 | 9 | 5346760 | 2491048 | 46.59 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 149 | 106 | 86310158 | 45799255 | 53.06 |
| ആകെ | 212 | 161 | 215407258 | 89729894 | 41.66 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-07-2023 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.p.m ന് സ്ഥാപനത്തിലെ HC യുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

തനത് ഫണ്ടിലെ എല്ലാ ചെലവുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. മുഴുവൻ വൗച്ചറുകളിലും പ്രസിഡന്റ് ഒപ്പ് വെച്ച് ആധികാരികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗ് തീരുമാനങ്ങളുടെ മിനുട്സ് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് തയ്യാറാക്കുന്നത്. സകർമയിലെ വിവരങ്ങൾ പ്രകാരം 2022 വർഷത്തിൽ ആകെ 29 ഭരണ സമിതി യോഗങ്ങൾ ചേർന്നതിൽ ബജറ്റ് യോഗം ഉൾപ്പെടെയുള്ള പ്രാധാന്യമുള്ള 13 യോഗങ്ങളുടെയും മിനിട്സുകൾ പ്രസിഡണ്ട് ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുമ്പോൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അനുമതി പത്രം ലഭ്യമാക്കുകയോ, പൂർത്തിയാക്കിയ പദ്ധതികൾ രേഖാമൂലം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികളായ കുടിവെള്ള പദ്ധതികളിൽ മോട്ടോർ വാങ്ങുമ്പോൾ ഇൻവോയിസ്, വാറന്റി കാർഡ് എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2022-23 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ 42 ശതമാനത്തിൽ താഴെ മാത്രം ചെലവഴിക്കാനാണ് സാധിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിലുള്ള ₹125677364 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

18.03.2022 മുതൽ 24.03.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

22.11.2021 മുതൽ 04.12.2021 വരെ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2020-21 ലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല.

## 1-9 വാടക കുടിശ്ശിക നിലനിൽക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ 32 കടമുറികൾ ഉള്ളതിൽ 3എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടക പിരിച്ചതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | റൂം നമ്പർ - 1 നെല്ലിപ്പുഴ | നജീം അമ്പടത്ത് (മൊബൈൽ ഷോപ്പ്) | 2022-23 മുഴുവൻ (മാസം 7400 + GST) |
| 2 | റൂം നമ്പർ - 4 നെല്ലിപ്പുഴ | റഷീദ, വിയ്യക്കുറുശ്ശി (ഒപ്റ്റിക്കൽസ്) | 2022 ജനവരി മുതൽ 2023 മാർച്ച് വരെ (മാസം 2750 + GST) |
| 3 | റൂം നമ്പർ - 18 ഹാൾ, നെല്ലിപ്പുഴ | അഫീറ, വാൽകണ്ണാടി, SHG | 2023 ജനവരി മുതൽ മാർച്ച് വരെ (മാസം 4410 + GST) |
| 4 | റൂം നമ്പർ - 17 ഹാൾ, നെല്ലിപ്പുഴ | ഫാത്തിമ തട്ടാരക്കാടൻ | 2022-23 മുഴുവൻ (മാസം 2880 + GST) |
| 5 | റൂം നമ്പർ - 3,4 ആര്യമ്പാവ് ന്യൂ ബിൽഡിംഗ്സ് | ശോഭന, സൌഭാഗ്യ, SHG | 2022 ജനവരി മുതൽ 2023 മാർച്ച് വരെ (മാസം 4360 + GST) |
| 6 | റൂം നമ്പർ - 4 വട്ടമ്പലം ന്യൂ ബിൽഡിംഗ്സ് | സുനിത, അരിയൂർ | 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ (മാസം 4200 + GST) |
| 7 | റൂം നമ്പർ - 5 വട്ടമ്പലം ന്യൂ ബിൽഡിംഗ്സ് | സൈനബ, പട്ടുവിൽ ഹൌസ് | 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ (മാസം 4200 + GST) |
| 8 | റൂം നമ്പർ - 1 അലനല്ലൂർ | ഷീജ, കീർത്തി, SHG (കാന്റീൻ) | 2023 മാർച്ച് (മാസം 2310 + GST) |
| 9 | റൂം നമ്പർ - 1 (ബ്ലോക്ക് കോംപൌണ്ട്) | ഷീജ, ദയSHG, തെങ്കര | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ (മാസം 1150 + GST) |
| 10 | റൂം നമ്പർ - 3 (ബ്ലോക്ക് കോംപൌണ്ട്) | വി.കെ. ശ്രീകണ്ഠൻ, M.P. | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ (മാസം 1150 + GST) |

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രികയിലെ വാടകയിനത്തിൽ ഡിമാന്റ് 896654/- രൂപയും, വരവ് 560368/- രൂപയും ആണ്. കൂടാതെ കുടിശ്ശിക ഇനത്തിൽ 113195/- രൂപ വരവും ഉണ്ട്. വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ, ബാലൻസ് യഥാക്രമം ₹896654, ₹609222, ₹287432 ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(2) ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256- ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ

ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) 2022-23 വർഷത്തിലെ വാർഷിക കണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ (336286+430378)= 766664/- രൂപ കുടിശികയായി ലഭിക്കാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(4) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ എത്രയുണ്ടെന്നും ആയത് ലേലം ചെയ്ത് നല്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കേണ്ടതാണ്.

വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 4/01-07-2023 ന് വാടകക്കാർക്ക് നോട്ടീസ് നൽകി കുടിശ്ശിക പിരിച്ചെടുത്ത് അറിയിക്കുന്നതാണെന്ന് സെക്ഷൻ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതും, മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-10 പ്ലാൻ മോണിറ്ററിംഗ് - തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 04.01.2022, 17.01.2022, 20.01.2022 എന്നീ തീയതികളിൽ നടന്ന വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, വികസന സെമിനാർ എന്നിവയ്ക്കാവശ്യമായ സ്റ്റേഷനറി, ലെഡ്ജർ ബുക്ക്, റിഫ്രഷ്മെന്റ് എന്നീ ഇനങ്ങളിലായി ആകെ 15382 രൂപ തനത് ഫണ്ടിൽ (അക്കൗണ്ട് നം. 799013000000075) നിന്നും ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 5193441/02.07.2022).

തൻവർഷത്തിൽ വികസന ഫണ്ട് വകയിരുത്തി രൂപീകരിച്ചിട്ടുള്ള 'പദ്ധതി രൂപീകരണവും നിർവഹണവും മേൽനോട്ടവുമായി ബന്ധപ്പെട്ട ചെലവുകൾ' എന്ന പദ്ധതി അംഗീകരിച്ച് വരുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള 15382 രൂപ വികസന ഫണ്ടിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നാളിതുവരെ മേൽ തുക വികസന ഫണ്ടിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/03.07.2023) നടപ്പ് വർഷത്തെ (2023-24) 'പദ്ധതി രൂപീകരണവും നിർവഹണവും മേൽനോട്ടവുമായി ബന്ധപ്പെട്ട ചെലവുകൾ' എന്ന പദ്ധതിയിൽ നിന്നും തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തനത് ഫണ്ടിൽ നിന്നും താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകിയിതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ജീവനക്കാരന്റെ പേര് | 2022-23 ൽ ലഭിച്ച ആകെ വേതനം (രൂപയിൽ) |
|---|---|---|---|
| 1 | ഡ്രൈവർ - ദിവസ വേതനം | അബ്ദുൾ ഗഫൂർ എം | 189700 |
| 2 | ,, | ഷംസുദ്ദീൻ പി | 49640 |
| 3 | ,, | അബാസ് സി | 117690 |

| | | | |
|---|---|---|---|
| 4 | പ്രൊജക്റ്റ് അസിസ്റ്റന്റ് | സായൂഷ്ണ സി | 233620 |

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി മണ്ണാർക്കാട് നഗരസഭയിൽ ഒടുക്ക് വരുത്തിയതായി കാണുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ട പ്രകാരം മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി നഗരസഭയിൽ ഒടുക്ക് വരുത്താത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/03.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ബാധകമായ തൊഴിൽ നികുതി മേൽ ജീവനക്കാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 20 KW ഓൺ ഗ്രിഡ് സൗരോർജ പവർ പ്ലാന്റ് - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 189/23, ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ റൂഫ് ടോപ്പിൽ സൗരോർജ ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ |
| അടങ്കൽ | 2435000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ബിൽ നം. 190/22-23/07.01.2023 – 1892000 രൂപ |
| നിർവഹണം | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ റൂഫിൽ 20 KW ഓൺ ഗ്രിഡ് സൗരോർജ പവർ പ്ലാന്റ് നിർമ്മിച്ച് നൽകുന്നതിനായി നിർവഹണ ഏജൻസിയായ അനെർട്ടിന് (അക്കൗണ്ട് നം. 67141838546, എസ് ബി ഐ) 1892000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം ഓൺ ഗ്രിഡ് സൗരോർജ പവർ പ്ലാന്റാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെങ്കിലും 07.01.2023 ലെ അനെർട്ടുമായുള്ള കരാറിൽ ഓഫ് ഗ്രിഡ് പവർ പ്ലാന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 20 KW സൗരോർജ പവർ പ്ലാന്റ് ഓൺ ഗ്രിഡാണോ ഓഫ് ഗ്രിഡാണോ എന്നതിൽ വ്യക്തതയില്ല.

2. കരാർ പ്രകാരം തുക അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ കുറഞ്ഞത് 6 മാസത്തിനുള്ളിൽ അനെർട്ട് പദ്ധതി നിർവഹണം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/03.07.2023) 20 KW സൗരോർജ പവർ പ്ലാന്റ് ഓൺ ഗ്രിഡാണ് സ്ഥാപിക്കുന്നതെന്നും എഗ്രിമെന്റിലെ അപാകങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും സോളാർ പാനലുകൾ റൂഫിൽ സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിനുള്ള ജോലികൾ പുരോഗമിച്ച് വരുന്നതായുമുള്ള മറുപടി ലഭ്യമാക്കിയിട്ടിണ്ട്.

ഓഡിറ്റ് നിർദ്ദേശം

20 KW ഓൺ ഗ്രിഡ് സൗരോർജ പവർ പ്ലാന്റിന്റെ പണി പൂർത്തീകരിച്ച് വിവരം അനെർട്ടിൽ നിന്നും ലഭിക്കുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തെങ്കര ആയുർവേദ ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ (സ്പിൽ ഓവർ) - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 131/23, തെങ്കര ആയുർവേദ ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 300000 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ബിൽ നം. 264/22-23/24.03.2023 – 298644 രൂപ |
| നിർവഹണം | സെക്രട്ടറി |

തെങ്കര ഗ്രാമപഞ്ചായത്തിന്റെ റിക്വസിഷൻ പ്രകാരം തെങ്കര ആയുർവേദ ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 292000 രൂപ ഹാരിസൺ ജനറേറ്റർ പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് (അക്കൗണ്ട് നം. 1087261003477, കാനറ ബാങ്ക്) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഹാരിസൺജനറേറ്റർ പ്രൈ. ലിമിറ്റഡിൽ നിന്നും ലഭിച്ചിട്ടുള്ള ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/03.07.2023) 25 KVA ത്രീ ഫെയ്സ് ഡി ജി സെറ്റ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാരിസൺ ജനറേറ്റർ പ്രൈ. ലിമിറ്റഡിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഹാരിസൺ ജനറേറ്റർ പ്രൈ. ലിമിറ്റഡിൽ നിന്നും ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-14 അങ്കണവാടികളുടെ നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 236/23, മണലുംപുറം അങ്കണവാടി നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് | 500000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) | ബിൽ നം. 147/22-23 /07.12.2022 - 500000 രൂപ |
| 2 | 238/23, പാലോട് ഈസ്റ്റ് 130 നമ്പർ അങ്കണവാടി നിർമ്മാണം തച്ചനാട്ടുകര വാർഡ് 5 | 500000 രൂപ (വികസന ഫണ്ട് - ടി എസ് പി) | ബിൽ നം. 146/22-23 /07.12.2022 - 500000 രൂപ |

മണലുംപുറം, പാലോട് ഈസ്റ്റ് എന്നീ അങ്കണവാടികളുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനായി മേൽ പദ്ധതികൾ പ്രകാരം 1000000 രൂപ എം ജി എൻ ആർ ജി എസിന്റെ സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് (നം. 799011400000486) മാറി നൽകിയിട്ടുണ്ട്.

എന്നാൽ എം ജി എൻ ആർ ജി എസുമായി കരാറിൽ ഏർപ്പെട്ടതായോ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതായോ കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/04.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. മണലുംപുറം, പാലോട് ഈസ്റ്റ് എന്നീ അങ്കണവാടികളുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനായി എം ജി എൻ ആർ ജി എസുമായി കരാറിൽ ഏർപ്പെട്ടതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. മേൽ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-15 പെയിൻ & പാലിയോറ്റീവ് - സംയുക്ത പദ്ധതിക്ക് തുക കൈമാറിയത് - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 154/23, പെയിൻ & പാലിയോറ്റീവ് - സംയുക്തം - വൃദ്ധർ |
| അടങ്കൽ | 1600000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തെങ്കര (177833 രൂപ), അലനെല്ലൂർ (500000 രൂപ), കാഞ്ഞിരപ്പുഴ (191485 രൂപ), തച്ചനാട്ടുകര (300000 രൂപ) എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിവിധ സാംഖ്യ റിക്വിസിഷൻ പ്രകാരം ആകെ 1169318 രൂപ ബ്ലോക്ക് വിഹിതമായി നൽകിയിട്ടുണ്ട്. |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം നൽകിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രങ്ങൾ, ചെലവ് രേഖകൾ എന്നിവ അതാത് ഗ്രാമപഞ്ചയത്തുകളിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/04.07.2023) ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പ്രവർത്തനം ആരംഭിക്കാത്ത തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ, ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയവ വാങ്ങിയിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 219/23, തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ, ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയവ വാങ്ങുന്നതിന് |
| അടങ്കൽ | 680000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 1. ബിൽ നം. 290/22-23/14.03.2023 - 222581 രൂപ.<br>2. ബിൽ നം. 334/22-23/22.03.2023 - 68875 രൂപ.<br>3. ബിൽ നം. 335/22-23/22.03.2023 - 79900 രൂപ.<br>4. ബിൽ നം. 361/22-23/24.03.2023 - 25566 രൂപ.<br>5. ബിൽ നം. 371/22-23/26.03.2023 - 53378 രൂപ.<br>ആകെ ചെലവ് - 450300 രൂപ. |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണീച്ചർ, ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയവ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം./തീയതി | തുക (രൂപയിൽ) | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|
| 1 | റെബ്കോ ലിമിറ്റഡ് | RHW/22-23 /459/21.02.2023 | 222581 | ഓഫീസ് മേശ & കസേര (1 Nos), ഡൈനിംഗ് ടേബിളുകൾ (2 Nos), ഡൈനിംഗ് ചെയറുകൾ (12 Nos), കട്ടിലുകൾ (6 Nos), കിച്ചൺ റാക്ക് (2 Nos) മുതലായവ |

| | | | | |
|---|---|---|---|---|
| 2 | പിട്ടാപ്പിള്ളിൽ ഏജൻസീസ് | MNKD-F5SI 3424 | 79900 | റെഫ്രിജറേറ്റർ (1 Nos), എൽ ഇ ഡി - ടി വി (1 Nos), മിക്സി (1 Nos), ഗ്യാസ് അടുപ്പ് (1 Nos) മുതലായവ |
| 3 | ആലപ്പി ഫർണ്ണിഷ് | 494/21.03.2023 | 68875 | ഫൈബർ കസേര (125 Nos) |
| 4 | ബാവ മെറ്റൽസ് | 42891/22-23 /25.03.2023 | 53378 | വിവിധ തരം പാത്രങ്ങൾ, കെറ്റിലുകൾ, കുക്കറുകൾ മുതലായവ |
| 5 | റെബ്കോ ലിമിറ്റഡ് | RUB/HO /2223/220 /22.03.2023 | 25566 | കിടക്ക (6 Nos) |

2022-23 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ 04.07.2023, 04.15 PM ന് തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രം ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി.

പകൽ വീടിന്റെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പകൽ വീട് കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. പാലക്കാട് എം പി 27.10.2020 ന് നിർവഹിക്കുകയും തുടർന്ന് പകൽ വീടിന്റെ പ്രവർത്തനോദ്ഘാടനം ബഹു. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് 09.06.2023 ന് നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പകൽ വീടിന്റെ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല.

2. തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ മേൽ പദ്ധതി പ്രകാരം 450300 രൂപയുടെ ഫർണീച്ചറുകളും, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും, പാത്രങ്ങളും വാങ്ങിയതിനാൽ, ആയത് സ്ഥാപനത്തിൽ ഉപയോഗ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

3. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ച "തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിലെ നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രം" കെട്ടിടവും, പ്രസ്തുത വയോജന വിശ്രമ കേന്ദ്രം പ്രവർത്തന ക്ഷമമാക്കുന്നതിന് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ഫർണീച്ചറുകളും, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും, പാത്രങ്ങളും സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രകാരം ഏറ്റെടുത്ത് നടത്തുന്നതിനും, തുടർ പരിപാലനത്തനുമായി തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന് കൈമാറി നൽകുന്നതിനും, സ്ഥാവര ജംഗമ വസ്തുക്കൾ ഏറ്റെടുത്ത് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം ലഭ്യമാക്കുന്നതിനും, ഗ്രാമ പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (നം. 7(1)/20.06.2023).

എന്നാൽ പകൽ വീടിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ഏറ്റെടുത്തിന്റെ ഭരണ സമിതി തീരുമാനം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയതായോ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിച്ചതായോ കാണുന്നില്ല.

4. പകൽ വീട് സ്ഥിതി ചെയ്യുന്നത് നാട്ടുകലിൽ നാഷണൽ ഹൈവേയിൽ നിന്നും ഒരു കിലോ മീറ്ററിലധികം ദൂരത്തിൽ ഒരു റബർ തോട്ടത്തിലാണ്. പരിസര പ്രദേശങ്ങളിൽ വീടുകളോ മറ്റ് കെട്ടിടങ്ങളോ ഇല്ല. മാത്രമല്ല അര കിലോ മീറ്ററോളം മൺ റോഡിലൂടെ സഞ്ചരിച്ചാൽ മാത്രമേ പകൽ

വീട്ടിൽ എത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ തന്നെ വൃദ്ധ ജനങ്ങൾക്ക് പകൽ സമയങ്ങളിൽ വിശ്രമിക്കാൻ ഉദ്ദേശിച്ച് കൊണ്ട് നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/05.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വാങ്ങിയ ഉപകരണങ്ങളും ഫർണീച്ചറുകളും ഫലപ്രദമായി ഉപയോഗിക്കുന്ന രീതിയിൽ തച്ചനാട്ടുകര നാട്ടുകൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ആസ്തി സംരക്ഷണ പദ്ധതി, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരംഅംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/05.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയും ആസ്തി രജിസ്റ്റർ കാലികമാക്കുകയും ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-18 പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്.

അസി. എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ

റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീക രിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേ ണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കി യത് ₹ | ബാക്കി ഈടാക്കേ ണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 106/23- ചെത്തല്ലൂർ ബാങ്ക് വെള്ളക്കുന്ന് റോഡ്- തച്ചനാട്ടുകര ജി.പി 421348/- ബിൽ നം.- SO No.212/04-02-2023- 470837രൂ. , | 20-06-2022 | 26-6-2022 | 12/AE/LSGD /MKD/2022-23 /21-7-2022 മുഹമ്മദ് ഷെരീഫ് | 4214 | 0 | 4214 |
| ആകെ | | | | | | | 4214 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 18/05-07-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ അടാവക്കേണ്ട തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകി യിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല .

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട് കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

വിശദ വിവരം ചുവടെചേർക്കുന്നു.

1. വലിയപാറ കുടിവെള്ള പദ്ധതി

| |
|---|
| 1)പ്രൊ.നം.64/23<br>വലിയപാറ കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| അടങ്കൽ - | 13,26,741 (Development Fund) | | |
| PAC- | 1239039/- | | |
| കരാറുകാരൻ - | ശ്രീ.അബ്ദുൾ റഹ്മാൻ | | |
| സാങ്കേതികാനുമതി | T.S-LSGD/TS/21-22/81758/11.12.21 | | |
| എഗ്രിമെന്റ് നം.: | 46/AE/LSGD/MKD/21-22/25.01.22 | | |
| ബിൽ / വൗച്ചർ നം.നം. | 65/28.08.22 – 6,90,320/-<br>177/31.12.22 – 5,31,866/- | | |
| എം.ബുക്ക് നം. | 67/2021-22, 77/22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 24.06.22 | | |
| പൂർത്തീകരിച്ച തീയ്യതി | 31.12.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 37171 | - | 37171 |

2.പാലക്കയം വട്ടപാറ കുടിവെള്ള പദ്ധതി

| | | | |
|---|---|---|---|
| 1)പ്രൊ.നം.66/23<br>പാലക്കയം വട്ടപാറ കുടിവെള്ള പദ്ധതി | | | |
| അടങ്കൽ - | 5,00,000 (Development Fund) | | |
| PAC- | 445938/- | | |
| കരാറുകാരൻ - | ശ്രീ.ഗോവിന്ദൻകുട്ടി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/21-22/107751/31.12.21 | | |
| എഗ്രിമെന്റ് നം.: | 63/AE/LSGD/MKD/21-22/08.03.22 | | |
| ബിൽ / വൗച്ചർ നം.നം. | So No. 222/14.02.23 – 4,97,367/- | | |
| എം.ബുക്ക് നം. | 81/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 07.11.22 | | |
| പൂർത്തീകരിച്ച തീയ്യതി | 06.02.23 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 13378 | - | 13378 |

3. പാക്കത്ത് കുളമ്പ് പനക്കാത്തോടൻ എസ്.സി കോളനി കുടിവെള്ള പദ്ധതി

| | | | |
|---|---|---|---|
| 1)പ്രൊ.നം.128/23<br>പാക്കത്ത് കുളമ്പ് പനക്കാത്തോടൻ എസ്.സി കോളനി കുടിവെള്ള പദ്ധതി | | | |
| അടങ്കൽ - | 5,00,000 (Development Fund) | | |
| PAC- | 445788/- | | |
| കരാറുകാരൻ - | ശ്രീ.നഹാസ്.കെ | | |
| സാങ്കേതികാനുമതി | T.S-LSGD/TS/21-22/5947/28.01.22 | | |
| എഗ്രിമെന്റ് നം.: | 59/AE/LSGD/MKD/21-22/07.03.22 | | |
| ബിൽ / വൗച്ചർ നം.നം. | So No. 261/07.03.23 – 4,21,565/- | | |
| എം.ബുക്ക് നം. | 79/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 06.09.22 | | |
| പൂർത്തീകരിച്ച തീയ്യതി | 23.02.23 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 13374 | - | 13374 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 19/05-07-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 63,923/- രൂപ ( 37171 + 13378 + 13374) ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 മേഖലാ തല ചുമതലകളിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നു.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | SO. 55/23- ചങ്ങലീരി അമ്പലക്കടവ് കുളിക്കടവ് നിർമാണം |
| ചെലവ് വിവരങ്ങൾ | ബിൽ റഫറൻസ് നം.- 22210363007000451787-/24-8-2022, 666170രൂ. |
| കരാറുകാരൻ | പി. കുഞ്ഞലവി. |
| എം.ബുക്ക് നം. | 9/21-22 |

ചങ്ങലീരി അമ്പലക്കടവ് കുളിക്കടവ് നിർമ്മിക്കുന്നതിനായി 838000 രൂ. അടങ്കങ്കൽ കണക്കാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 16 മീറ്റർ നീളത്തിലും 3.2 മീറ്റർ വീതിയിലും പടവുകൾ നിർമിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

1994ലെ കേരള പഞ്ചായതത് രാജ് 166ാം വകുപ്പിലെ ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ചുമതലാ വിഭജനത്തിൽ പട്ടിക മൂന്ന് പ്രകാരം കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള അനിവാര്യ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ സൂചിപ്പിച്ചിട്ടുള്ള 4ാം പട്ടികയിൽ ഇത് ഉൾപ്പെടുന്നുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി പ്രോജക്ടിന് ഭരണസമിതിയുടെയും ഡി.പി.സി. യുടെയും അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് ഇത്തരം പ്രവൃത്തികൾ ചെയ്യരുത് എന്ന് ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. സ്വന്തമായി ആസ്തി ഇല്ലാത്തതിനാലാണ് ഇപ്രകാരം നിർവ്വഹിച്ചതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

മറുപടി അംഗീകരിക്കാൻ സാധിക്കാത്തതാണ്. ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ സർക്കാരിന്റെ പ്രത്യേക ഉത്തരവുകള്, പദ്ധതി മാർഗരേഖ എന്നിവയിൽ ഇല്ലാതെ ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹിക്കാൻ പാടില്ലാത്തതാണ്. ആയതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 666170രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-21 കുടിവെള്ള പദ്ധതികളിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. (ഉദാ. SO 51/23- കളരിക്കൽ കുടിവെള്ള പദ്ധതി, SO 054/23- താഴത്തെ പീടിക കോളനി കുടിവെള്ള പദ്ധതി. മുതലായവ) . എന്നാൽ ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ തുടർപ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തതായി കാണുന്നില്ല. കൂടാതെ സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD,Dt 19-4-2022പ്രകാരം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടുകൂടി കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ നിർവ്വഹിച്ച ശേഷം അതത് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി കൈമാറ്റം ചെയ്യേണ്ടതാണ്. എന്നാൽ ടി പ്രോജക്ടിൽ ഇപ്രകാരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
ആയതിനാൽ പദ്ധതി മാർഗരേഖയിലെയും സബ്സിഡി മാർഗരേഖയിലെയും നിർദേശങ്ങൾ പാലിച്ചുകൊണ്ട് കുടിവെള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ

പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 51/23- കളരിക്കൽ കുടിവെള്ള പദ്ധതി

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 490938രൂ.<br>മുൻവർഷങ്ങളിലെ ബിൽ പ്രകാരം 186014രൂ.<br>ബിൽ റഫറൻസ് നം.- 222103630070 01212886-/20-2-2023, 304924 രൂ. |
| കരാർ നം., അളവു പുസ്തകം: | 31/AEE/MKD/19-20/30-9-2019<br>MB No. 228/19-20 |
| പി.എ.സി. | 445573 |
| കരാറുകാരൻ: | മുസ്തഫ കളത്തിങ്കൽ |
| സ്ഥലം കൈമാറിയ തീയ്യതി. | 30-9-2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-3-2020 |
| പൂർത്തീകരിച്ചതീയ്യതി: | 6-1-2023 |
| ഈടാക്കേണ്ട പിഴ (3%) | 13367 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 13367 |

പ്രവൃത്തി പൂർത്തീകരണത്തിനായി 30-3-2020 വരെ അനുവദിച്ചിട്ടുള്ള ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി 31-3-2020 വരെ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും ആയത് പിഴ കൂടാതെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും പ്രവൃത്തി പൂർത്തീകരണത്തിനായി 31-5-2021 വരെ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും ആയത് പിഴ കൂടാതെ അനുവദിക്കുകയും ചെയ്തിട്ടുണ്ട് . വീണ്ടും പ്രവൃത്തി പൂർത്തീകരണത്തിനായി 31-3-2023 വരെ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും ആയത് പിഴ കൂടാതെ അനുവദിക്കാം എന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

രേഖപ്പെടുത്തിയതായും കാണുന്നു. എന്നാൽ ഭരണസമിതി തീരുമാനം ലഭിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തകളിൽ പൂർത്തീകരണ സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥയുള്ളത്. കോവിഡ് പശ്ചാത്തലത്തിന്റെ പരിധിയിൽ 6 മാസം കൂടി പരമാവധി നീട്ടി നൽകാം . എന്നാൽ ടി പ്രവൃത്തിയിൽ ഈ പരിധികളെല്ലാം കടന്ന് പോയതിനാൽ പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 11/3-7-2023) ലഭ്യമാക്കിയ മറുപടിയിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കി നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്.

മറുപടി തൃപ്തികരമല്ല. ആയതിനാൽ മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

2. പ്രോജക്ടിന്റെ നം. , പേര് : SO 054/23- താഴത്തെ പീടിക കോളനി കുടിവെള്ള പദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 480650 (മുൻ വർഷങ്ങളിലെ ബില്ലുകൾ ഉൾപ്പെടെ)<br>ബിൽ നം. 22210363007001310555-/8-3-2023, 164109രൂ. |
| കരാർ നം., അളവു പുസ്തകം: | 31/AEE/MKD/21-22/7-3-2022<br>MB No.86/22 |
| പി.എ.സി. | 431024 |
| കരാറുകാരൻ: | എ.പി. ഉമ്മർ |
| സ്ഥലം കൈമാറിയ തീയ്യതി. | 7-3-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 6-9-2022 |
| പൂർത്തീകരിച്ച തീയ്യതി: | 1-3-2023 |
| ഈടാക്കേണ്ട പിഴ (3%) | 12931 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 12931 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6-9-2022 വരെ അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല. പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 11/3-7-2023) ലഭ്യമാക്കിയ മറുപടിയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം കൈമാറിക്കിട്ടാൻ ഉണ്ടായ കാലതാമസം മൂലമാണ് പ്രവൃത്തി വൈകാൻ ഇടയായത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മറുപടി തൃപ്തികരമല്ല. ആയതിനാൽ മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

അതിനാൽ രണ്ടു പ്രവർത്തികളിലുമായി ആകെ ഈടാക്കേണ്ട പിഴ 26298രൂ. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

1-23 ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എക്സിക്യൂട്ടീവ് എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ,

തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37354658168- SBI) 31-3-2023ൽ ബാലൻസുള്ള 420163രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 21-6-2023 ൽ ആണ് അടവാക്കിയിട്ടുള്ളത് . സാമ്പത്തിക വർഷം അവസാനിച്ചിട്ടും ഇത്രയും വൈകി ടി തുകകൾ അടവാക്കുന്നതിന് കാരണം സൂചിപ്പിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/4-7-2023) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ച് യഥാസമയം അടവാക്കാം എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26.06.2023 മുതൽ 04.07.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്കിനു കീഴിലെ ഗ്രാമപഞ്ചായത്തുകൾ | 2022-23 | 560000 | 272/23 – പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - ജനറൽ | 560000 | 0 |
| ബ്ലോക്കിനു കീഴിലെ ഗ്രാമപഞ്ചായത്തുകൾ | 2022-23 | 1305000 | 273/23 – പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - എസ് സി പി | 1305000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| അനെർട്ട്, പാലക്കാട് | 189/23 – ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ റൂഫ് ടോപ്പിൽ സൗരോർജ ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 190/22-23 /07.01.2023 | 1892000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| എം ജി എൻ ആർ ജി എസ്, പാലക്കാട് | 236/23, മണല്യംപുറം അങ്കണവാടി നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് | 147/22-23 /07.12.2022 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| എം ജി എൻ ആർ ജി എസ്, പാലക്കാട് | 238/23, പാലോട് ഈസ്റ്റ് 130 നമ്പർ അങ്കണവാടി നിർമ്മാണം തച്ചനാട്ടുകര വാർഡ് 5 | 146/22-23 /07.12.2022 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ, വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2003-04 | ഖ.4.13 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി |

| | | |
|---|---|---|
| | | 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ.11- മുതുകുർശി പത്തായക്കല്ല് (തോട് സംരക്ഷണം)<br>തുക-140613 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | 12- ഐ.സി.ഡി.പി സബ്സെന്റർ-ഫർണീച്ചർ വിതരണം,<br>തുക- 15204 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ 13-<br>വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് -100000- | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹40697788.87 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹120184771 |
| ആകെ | ₹160882559.87 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹114934187 |
| നീക്കിയിരിപ്പ് | ₹45948372.87 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹666170/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹6,66,170/- | രാജേഷ് വി പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,214/- | റഷീദ്.ഇ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 63,923/- | റഷീദ്.ഇ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 26,298/- | രാജേഷ് വി പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഷീദ് ഇ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | എലുമ്പിലാവിൽ ഹൗസ് ഭീമനാട് കോട്ടോപ്പാടം മണ്ണാർക്കാട് പാലക്കാട് പിൻ :678601 |
| രാജേഷ് വി പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | കൗസ്തുഭം, ശ്രീകൃഷ്ണപുരം.പി.ഒ, പാലക്കാട്-679513 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി.8/998/02/ 02.03.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 1999-00 | എൽ.എഫ്.പി.8/1090/03/ 15.11.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2000-01 | എൽ.എഫ്.പി.8/530/05/ 05.04.06 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2001-02 | എൽ.എഫ്.പി.8/530/05/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2002-03 | എൽ.എഫ്.പി.8/1349/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2003-04 | എൽ.എഫ്.പി.8/1350/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2004-05 | എൽ.എഫ്.പി.8/1351/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2005-06 | എൽ.എഫ്.പി.8/1352/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2006-07 | എൽ.എഫ്.പി.8/1353/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2007-08 | എൽ.എഫ്.പി.8/1354/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2008-09 | എൽ.എഫ്.പി.8/1340/11/ 16.12.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.പി.8/1340/11/ 16.12.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2010-11 | എൽ.എഫ്.പി.8/1523/14/ 03.06.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2011-12 | എൽ.എഫ്.പി.8/1523/14/ 03.06.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2012-13<br>2013-14 | കെ.എസ്.എ.പി.കെ.ഡി.8/1103/15/04.12.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2014-15 | കെ.എസ്.എ.പി.കെ.ഡി.8-382/16/ 2.4.16 | ഫർദർ റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.8-459/17/ 20.5.17 | ഫർദർ റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.8-2094/17/ 03.04.18 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.8-790/19/ 18.10.19 | ഫർദർ റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.8-609/20/ 18.10.19 | ഫർദർ റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.8-302/22 /18.5.22 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ.പി.കെ.ഡി.8-303/22 /18.05.22 | ഓഡിറ്റ് റിപ്പോർട്ട് |
| 2021-22 | കെ.എസ്.എ-പി.കെ.ഡി-24/2142 /22/02.12.2023 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-06-2023 and submitted on 21-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mannarkkad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mannarkkad Block Panchayat for the year 2022-2023

Date: 26/09/2023

Senior Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Mannarkkad Block Panchayat for the Year 2022-2023.

**1.Major Observations**

The following mandatory financial statements prescribed in accounting rules are not submitted for audit
Ratios
Notes to accounts

**2.Other Observations**

1. As per the Balance in the Bank Account (Union Bank-Mannarkkad Branch- A/C No.762702010006697) that used for the purpose of PMAY project expenses is not match with RP 40(b) and AFS Schedule B4
{AFS Schedule RP-40(b)} 23433967/-
AFS Schedule B4- 23317039/-

Difference- 116928/-

2. The amount (811458/-) in Bank Account No. 4803000100009588 (PNB, Mannarkkad Branch) SDFMLA/MPLAD fund is not utilised.This account remains non operating account

3. The amount in rent register and advance register is not match with the amount in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 896654.00 |
| 140000000 | Fee & User Charges | I-4(b) | 114824.00 |
| 150000000 | Sale & Hire Charges | I-5(b) | 611454.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 126633622.00 |
| 171000000 | Interest Earned | I-8 | 224473.00 |
| 180000000 | Other Income | I-9 | 88390.00 |
| | Total Income | | 128569417.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3523198.00 |
| 220000000 | Administrative Expenses | I-11(b) | 1032121.00 |
| 230000000 | Operations & Maintenance | I-12(b) | 843775.00 |
| 240000000 | Interest & Finance Charges | I-13 | 179.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 15946645.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 83883509.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12996514.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 182995.00 |
| 255000000 | Maintenance Projects | I-14(e) | 6478826.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 148628.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 99525.00 |
| 272000000 | Depreciation | I-17(a) | 1592597.00 |
| | Total Expenditure | | 126728512.00 |
| | Gross Surplus / Deficit of income over Expenditure | | 1840905.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 12272533.00 |
| | Net difference (Prior period Income - Prior period Expenditure) | | -10431628.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 40697788.87 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 99732.00 |
| 150000000 | Sale & Hire Charges | RP-5 | 588914.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78180690.00 |
| 171000000 | Interest Earned | RP-9 | 224473.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 34095688.00 |
| 350000000 | Other Liabilities | RP-36 | 540.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 88390.00 |
| 340000000 | Deposits Received | RP-34 | 174338.00 |
| 350000000 | Other Liabilities | RP-36 | 253742.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6067458.00 |
| 460000000 | Loans, Advances and Deposits | RP-47 | 410806.00 |
| | Grand total | | 160882559.87 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3523198.00 |
| 220000000 | Administrative Expenses | RP-12 | 1033674.00 |
| 230000000 | Operations & Maintenance | RP-13 | 842222.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12269457.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 55448251.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 8336317.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 182995.00 |
| 255000000 | Maintenance Projects | RP-20 | 6478826.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 148628.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 99525.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 3060341.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1294743.00 |
| 350000000 | Other Liabilities | RP-36 | 12813505.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 179.00 |
| 340000000 | Deposits Received | RP-34 | 42203.00 |
| 350000000 | Other Liabilities | RP-36 | 1712212.00 |
| 410000000 | Fixed Assets | RP-38 | 461367.00 |
| 412000000 | Capital work in Progress | RP-40 | 1230192.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4188645.00 |
| 460000000 | Loans, Advances and Deposits | RP-47 | 1767707.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 45948372.87 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 160882559.87 |

| BALANCE SHEET | | | |
|---|---|---|---|
| As on date 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 30103691.87 |
| 312000000 | Reserves | B-3 | 134335946.00 |
| | Total Reserve & Surplus | | 164439637.87 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 44844029.00 |
| | Total Grants, Contributions for Specific Purposes | | 44844029.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 955202.00 |
| 350000000 | Other Liabilities | B-9 | 260430.00 |
| | Total Current Liabilities and Provisions | | 1215632.00 |
| | TOTAL LIABILITIES | | 210499298.87 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 158697232.00 |
| 411000000 | Accumulated Depreciation | B-11 | -2724022.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 155973210.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4955309.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 45948372.87 |
| 460000000 | Loans, Advances and Deposits | B-18 | 3622407.00 |
| | Total Current Assets, Loans and Advances | | 54526088.87 |
| | Other Assets | | |

| Miscellaneous Expenditure (To the Extent not written off) | |
|---|---|
| TOTAL ASSETS | 210499298.87 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ